# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 809 — 04.03.2020-ൽ മറുപടിയ്ക്ക്.

## പാലിന്റെ ഉല്പാദനവും ഇതരസംസ്ഥാന പാലിന്റെ ഗുണനിലവാര പരിശോധനയും

| ചോദ്യം<br>ശ്രീ.കെ.ജെ. മാക്സി | മറുപടി<br>ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|
| (എ) നിലവിൽ ദിനംപ്രതി സംസ്ഥാന ജനതയ്ക്ക് ആവശ്യമായി വരുന്ന പാലിന്റെ അളവ് എത്രയാണെന്ന് അറിയിക്കാമോ; | (എ) പ്രതിദിനം സംസ്ഥാനത്തിന് ഏകദേശം 87 ലക്ഷം ലിറ്റർ പാൽ ആവശ്യമാണെന്ന് കണക്കാക്കപ്പെടുന്നു. |
| (ബി) പാലിന്റെ ഉല്പാദനം ദിനംപ്രതി എത്രയെന്നും മറ്റ് സംസ്ഥാനങ്ങൾ ഉൾപ്പെടെ ഏതെല്ലാം സ്രോതസ്സുകൾ വഴി എത്ര പാൽ സംസ്ഥാനത്തെത്തിക്കുന്നുവെന്നും വെളിപ്പെടുത്താമോ; | (ബി) ക്ഷീരസംഘങ്ങൾ വഴിയുള്ള പാൽ സംഭരണം പ്രതിദിനം 19.11 ലക്ഷം ലിറ്ററാണ്. എന്നാൽ സംസ്ഥാനത്തെ മൊത്തം പാൽ സംഭരണം ഏകദേശം പ്രതിദിനം 81 ലക്ഷം ലിറ്ററാണ് എന്ന് കണക്കാക്കപ്പെടുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും ഏകദേശം 2.45 ലക്ഷത്തോളം ലിറ്റർ പാലും കൊണ്ടുവരുന്നുണ്ട്.<br>നിലവിൽ സംസ്ഥാനത്തിന് ആവശ്യമുള്ള പാലിന്റെ ഏകദേശം 85%ത്തിലധികം ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്നുവെന്ന് കണക്കാക്കപ്പെടുന്നു. കൂടുതലായി ആവശ്യമുള്ളത് പ്രധാനമായും തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ നിന്നാണ് കൊണ്ടുവരുന്നത്. |
| (സി) ഇത്തരത്തിലെത്തിക്കുന്ന പാലിന്റെ ഗുണനിലവാരം പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ; എങ്കിൽ എപ്രകാരമെന്ന് വിശദാംശം ലഭ്യമാക്കുമോ; | (സി) ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിയ്ക്കുന്നതിന് നിലവിൽ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം) എന്നിവിടങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പാൽ പരിശോധന ചെക്ക് പോസ്റ്റുകൾ നിലവിലുണ്ട്.<br>കൂടാതെ, തിരുവനന്തപുരത്ത് NABL അക്രഡിറ്റേഷനോടുകൂടിയ സ്റ്റേറ്റ് ഡെയറി ലാബും കോട്ടയം, കാസർഗോഡ് എന്നിവിടങ്ങളിൽ റീജിയണൽ ഡെയറി ലാബുകളും പ്രവർത്തിക്കുന്നുണ്ട്. ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ഓഫീസുകൾ മുഖേന വിപണിയിൽ ലഭ്യമായ കവർ പാൽ സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമായി ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. |

മിൽമ സ്വീകരിക്കുന്ന പാൽ പരിശോധിക്കാൻ മിൽമ പ്ലാന്റുകളിലെല്ലാം തന്നെ ഗുണനിലവാര പരിശോധനയ്ക്കായിട്ടുള്ള സുസജ്ജമായ ലബോറട്ടറികൾ ഉണ്ട്. മിൽമ ഡയറികളുടെ ലബോറട്ടറികളിൽ ആന്റിബയോട്ടിക് ടെസ്റ്റ്, അഡൽട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ്, ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നീ പരിശോധനകൾ കൂടി നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ പുറമെയുള്ള NABL അക്രഡിറ്റേഷനോടുകൂടിയ ലാബുകൾ വഴി മിൽമയുടെ ഡയറികൾ ഹെവിമെറ്റൽഡ് ആന്റി ബയോട്ടിക്, പെസ്റ്റിസൈഡ്സ് ഉടങ്ങിയവയുടെ പരിശോധനയും കൃത്യമായി നടത്തി വരുന്നു. കൃത്യമായ ഇടവേളകളിൽ ഗവൺമെന്റ് ലാബ് / ഗവൺമെന്റ് അംഗീകൃത ലാബുകളിലൂടെയും പാലിന്റെ ഗുണനിലവാര പരിശോധന മിൽമ നടത്തുകയും ചെയ്യുന്നുണ്ട്.

ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതുൾപ്പെടെയുള്ള പാലിന്റെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് പരിശോധന നടത്തി വരുന്നു. കൂടാതെ ആഘോഷവേളകളിൽ ക്ഷീരവികസന വകുപ്പിന്റെ സഹകരണത്തോടെയും മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബ് ഉപയോഗിച്ചും ചെക്ക് പോസ്റ്റുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പരിശോധന നടത്തുന്നുണ്ട്. ടി പരിശോധനയിൽ ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തുന്ന പക്ഷം 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.

| | |
|---|---|
| (ഡി) 2019 ജനുവരി മുതൽ 2019 ഡിസംബർ വരെ ഇത്തരത്തിൽ ഗുണനിലവാര പരിശോധനയിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ എത്ര പേർക്കെതിരെ ഏതൊക്കെ വിധത്തിലുള്ള നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ; | (ഡി) കുറ്റക്കാർക്കെതിരെ നിയമ നടപടി സ്വീകരിക്കുവാൻ ക്ഷീരവികസന വകുപ്പിന് അധികാരമില്ലാത്തതിനാൽ ഗുണനിലവാര പരിശോധനയിൽ കുറ്റകരമെന്ന് കണ്ടെത്തുന്ന പാലിന്റെ വിവരം ഭക്ഷ്യ സുരക്ഷാവകുപ്പിനെ അറിയിക്കുകയാണ് ചെയ്യുന്നത്.<br>ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനത്ത് ഒട്ടാകെ 2019 ജനുവരി മുതൽ ഡിസംബർ വരെ 347 പാൽ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധിക്കുകയും ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയ 3 ബ്രാന്റുകൾക്കെതിരെ അഡ്ജ്യൂഡിക്കേഷൻ കേസ് ഫയൽ ചെയ്തിട്ടുമുണ്ട്. കൂടാതെ ആര്യങ്കാവ് ചെക്ക്പോസ്റ്റിൽ നടത്തിയ പരിശോധനയിൽ ഉപയോഗ കാലാവധി രേഖപ്പെടുത്താത്ത 90 കവർ പാൽ പിടിച്ചെടുത്ത് നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

(ഇ) സംസ്ഥാനത്തെ പാൽവിലയും മറ്റു സംസ്ഥാനങ്ങളിലെ പാൽവിലയും എത്രയെന്ന് വ്യക്തമാക്കുമോ?

(ഇ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിൽ അടങ്ങിയിരിക്കുന്ന മൊത്തം ഖരപദാർത്ഥങ്ങളുടെ (fat & SNF) അടിസ്ഥാനത്തിലാണ് വില നിശ്ചയിച്ചിട്ടുള്ളത്.

സംസ്ഥാനത്ത് പ്രധാനമായും വിതരണം ചെയ്യുന്ന ഡബിൾ ടോൺഡ്, ടോൺഡ്, സ്റ്റാൻഡഡൈസ്ഡ് മിൽക്ക് എന്നിവയാണ്.

| ക്രമ നം. | ഇന വിവരം | FAT % | SNF % | വിൽപ്പന വില ലിറ്ററിന് |
|---|---|---|---|---|
| 1 | ഡബിൾ ടോൺഡ് മിൽക്ക് | 1.5 | 9.0 | 44 |
| 2 | ടോൺഡ് മിൽക്ക് | 3 | 8.5 | 46 |
| 3 | സ്റ്റാൻഡ ഡൈസ്ഡ് മിൽക്ക് | 4.5 | 8.5 | 48 |

3.5% ഫാറ്റും 8.5% എസ്.എൻ.എഫ് അടങ്ങിയ പാലിന് സംഘങ്ങളിൽ നിന്നും സംഭരിക്കുന്ന വില ലിറ്ററൊന്നിന് 38.23 പൈസയാണ്.

അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്ടിൽ നിന്നും പ്രോസസ് ചെയ്യാത്ത തണുപ്പിച്ച പാൽ കിലോയ്ക്ക് 42 രൂപയും, കർണ്ണാടകയിൽ നിന്ന് പ്രോസസ് ചെയ്യാത്ത തണുപ്പിച്ച പാൽ കിലോയ്ക്ക് 36 രൂപയും ആണ് മിൽമ വാങ്ങുന്നത്.

**സെക്ഷൻ ഓഫീസർ**